# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കപ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD.20/475/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 10/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD.20/475/23 തീയ്യതി: 10/04/2023

## പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-05-2022 മുതൽ 15-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-03-2023 | 24-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-03-2023 | 24-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ശ്രീമതി.ഏസ്.ശബ്നാദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രുമീതി.കെ.അനിത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷറഫുദ്ദീൻ.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.മിനി.ആർ.നായർ | സെക്രട്ടറി | 01-04-2021 | 06-10-2021 |
| ശ്രീമതി.ജയാനനൻ.കെ | സെക്രട്ടറി | 07-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശില്പ.പി | കൃഷി ഓഫീസർ | 01-04-2021 | 25-10-2021 |
| ശ്രീമതി.സഹ്നഹംസ.എൻ.എച്ച് | കൃഷി ഓഫീസർ | 26-10-2021 | 17-02-2022 |
| ശ്രീമതി.സീനത്ത്.കെ.ടി | കൃഷി ഓഫീസർ | 18-02-2022 | 31-03-2022 |
| ശ്രീ.പി.കെ.പ്രതാപ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷഹ്ന.പി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രമ.കെ | വി.ഇ.ഒ | 01-04-2021 | 03-08-2021 |
| ശ്രീമതി.സരിത.കെ.പി | വി.ഇ.ഒ | 04-08-2021 | 12-08-2021 |
| | | 20-01-2022 | 31-03-2022 |
| ശ്രീമതി.രജനിപ്രിയ | വി.ഇ.ഒ | 13-08-2021 | 19-01-2022 |
| ശ്രീമതി.സിനിഹെലൻ.പി.എം | എച്ച്.എം | 01-04-2021 | 31-03-2022 |
| ഡോ.ബിജുമോൻ ജോസഫ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.കൃഷ്ണദാസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ്തി.ടി.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീത.എൻ.കെ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ജിഷ.എം.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 1-11 |
| 14 | വസ്തു നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-12 |
| 15 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം | 1-12-1 |
| 16 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു | 1-12-2 |
| 17 | ഭേദഗതി വിജ്ഞാപനങ്ങൾ പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-12-3 |
| 18 | വൈദ്യുതി ബോർഡിന് വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ നിന്നും നിയമാനുസൃതമായ ജി.എസ്.ടി ഈടാക്കുന്നില്ല | 1-13 |
| 19 | FHC യിലേക്ക് ഫർണീച്ചർ വാങ്ങൽ-SIDCO യിൽ നിന്നും സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത ഇനം വാങ്ങി | 1-14 |
| 20 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല | 1-15 |
| 21 | ആർട്ട്കോയിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി ടി.ഡി.എസ് നടത്തിയില്ല | 1-16 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - വ്യക്തിഗത ഗുണഭോക്താക്കളുടെ മെറ്റീരിയൽ പ്രവൃത്തികൾ- മാസ്റ്റർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-17 |
| 23 | മഴക്കാല പൂർവ്വ ശുചീകരണം-ആരോഗ്യ ജാഗ്രതാ പ്രവർത്തനം-മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമായില്ല | 1-18 |

| | | |
|---|---|---|
| 24 | തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ്ജ് കുറവു ചെയ്യേണ്ടതാണ് | 1-19 |
| 25 | ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ | 1-20 |
| 26 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 27 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-22 |
| 28 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ വിവരം ലഭ്യമല്ല | 1-23 |
| 29 | ബയോ കമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ- ധനവിനിയോഗത്തിൽ അപാകം | 1-24 |
| 30 | ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-25 |
| 31 | വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ അപാകങ്ങൾ നിലനിൽക്കുന്നു | 1-27 |
| 33 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-28 |
| 34 | ചെലവ് ശതമാനം, രേഖകളുടെ സൂക്ഷിപ്പ് | 1-28-1 |
| 35 | ആസ്തി സംരക്ഷണ പദ്ധതി | 1-28-2 |
| 36 | കരാറുകാർക്ക് ടെണ്ടർ എക്സസ് കുടിശ്ശിക നൽകുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-29 |
| 37 | ടേക് എ ബ്രേക് പദ്ധതി ശൗചാലയം- പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-30 |
| 38 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-31 |
| 39 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് – നിർമ്മാണം പൂർത്തീകരിച്ചില്ല | 1-32 |
| 40 | എം.സി.എഫ് കെട്ടിടം -ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ബയോ കമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ- ധനവിനിയോഗത്തിൽ അപാകം | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് - വിവിധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനുമുമ്പും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

25-02-2022 ലെ തീരുമാനം നം. 4(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 15737730 |
| തൻവർഷം വരവ് | 219693030 |
| ആകെ വരവ് | 235430760 |
| ചെലവ് | 233011000 |
| നീക്കിയിരിപ്പ് | 2419760 |

### 1-1-1 യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 219693030 | 81185876 |
| തൻവർഷത്തെ ചെലവ് | 233011000 | 71168197 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 09-06-2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

2. കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(2)(ഇ), (ജി)).

നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ പെർമിറ്റ് രജിസ്റ്റർ, ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ എന്നിവ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

3. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 12000 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.

4. Joint Venture Project – ബാലൻസ് ഷീറ്റ് B4 പ്രകാരം തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ടെങ്കിലും അവ തിരിച്ചടച്ചിട്ടില്ല.

| ഹെഡ് | ബാലൻസ് തുക B-4 | തുക നൽകിയത് |
|---|---|---|
| 320700204 | 509334 | ബ്ലോക്ക്പഞ്ചായത്ത് |
| 320700205 | 219812 | ജില്ലാ പഞ്ചായത്ത് |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11046839 |
| വരവ് | 81185876 |
| ആകെ | 92232715 |
| ചെലവ് | 71168197 |
| നീക്കിയിരിപ്പ് | 21064518 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 16035538 | 16035538 | 15038084 | 997454 |
| വികസനഫണ്ട് -എസ്.സി.പി | 0 | 9211493 | 9211493 | 7862447 | 1349046 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 17842600 | 17842600 | 7010472 | 10832128 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5848168 | 5848168 | 1279978 | 4568190 |
| CFC-അൺ ടൈഡ് ഗ്രാന്റ്-New (*) | 0 | 3340742 | 3340742 | 2880662 | 460080 |
| CFC-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 219784 | 219784 | 219,784 | 0 |
| CFC-ടൈഡ് ഗ്രാന്റ്-New | 0 | 4920000 | 4920000 | 1260000 | 3660000 |
| CFC-ടൈഡ് ഗ്രാന്റ്-Spillover | 0 | 904289 | 904289 | 904,289 | 0 |

(*) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 3280000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 60742 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 206521 | 1240726 | 1447247 | 1206521 | 240726 |
| സമ്പൂർണ്ണ ശുചിത്വം | 912562 | 0 | 912562 | 912562 | 0 |
| ശുചിത്വ മിഷൻ ഫണ്ട് | 3518712 | 0 | 3518712 | 2073492 | 1445220 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3865 | 586018 | 589883 | 589883 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 21533834 | 21533834 | 21533834 | 0 |
| ആകെ | 3865 | 22119852 | 22123717 | 22123717 | 0 |

സംസ്ഥാനാവിഷ്കൃതം

ഇല്ല

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 101945259 | 142 | 46743101 | 0 | 58 | 71 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 5698084 | 4274803 | 75 |
| വെറ്ററിനറി സർജ്ജൻ | 10 | 10 | 5084378 | 1977998 | 39 |
| മെഡിക്കൽ ഓഫീസർ-PHC | 12 | 11 | 3008845 | 2409395 | 80 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 900000 | 900000 | 100 |
| എച്ച്.എം | 4 | 3 | 1550000 | 1349530 | 87 |
| വി.ഇ.ഒ -1 | 26 | 19 | 35150482 | 11769858 | 33 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 4982234 | 4807200 | 96 |
| സെക്രട്ടറി | 31 | 23 | 8474010 | 4110714 | 49 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 94 | 54 | 35587073 | 13771113 | 39 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100000 | 100000 | 100 |
| അസി.സെക്രട്ടറി | 4 | 4 | 1410153 | 1272490 | 100 |

| | | | | | |
|---|---|---|---|---|---|
| ആകെ | 200 | 142 | 101945259 | 46743101 | 46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

എം.എൻ.ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3865 | 586018 | 589883 | 589883 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 21533834 | 21533834 | 21533834 | 0 |
| ആകെ | 3865 | 22119852 | 22123717 | 22123717 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2,506,000 | 138 |
| 3 | വിധവാ പെൻഷൻ | 21,104,300 | 1367 |
| 4 | വാർദ്ധക്യകാല പെൻഷൻ | 37,977,000 | 2703 |
| 5 | വികലാംഗ പെൻഷൻ | 5,113,400 | 349 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,145,000 | 71 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-3-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 32656 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

എല്ലാ വരവ്-ചെലവ് ഘടകങ്ങളും പരിഗണിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ യഥാർത്ഥ കണക്ക് സൂക്ഷിക്കാത്തതിനാൽ വൈദ്യുതി ബോർഡ് കണക്കാക്കി നൽകുന്ന ഡിമാന്റ് അനുസരിച്ചാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത്. ആയതിനാൽ യഥാർത്ഥത്തിൽ ഒടുക്കേണ്ട തുകയേക്കാളും വലിയൊരു തുക പ്രതിമാസം ഒടുക്കി വരുന്നുണ്ട്.

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായ തുകകളിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചുവെന്ന് ഉറപ്പാക്കിയിട്ടില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ

ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

3/2009 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 1999-2000 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 1/23 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

1-11 ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1. ലൈസൻസ് ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ഏകീകൃത മാനദണ്ഡം നിശ്ചയിച്ചില്ല

1996 ലേ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ കൂടാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കൂടാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ കൂടാത്തതും | 5000 |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ കൂടാത്തതും | |

| | | | | |
|---|---|---|---|---|
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കൂടാത്തതും | |
| | | സേവന മേഖല | | 10000 |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിലെ കൃത്യത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

2017 ൽ ലൈസൻസ് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷാ ഫോം വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ ഇൻവെസ്റ്റ്മെന്റ് എത്രയാണെന്നോ ഉള്ള അടിസ്ഥാന വിവരം എല്ലാ ലൈസൻസ് അപേക്ഷകളിലും ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും വിവിധ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ക്രമനം | സ്ഥാപനം | ഇനം | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|
| 71 | അനശ്രീ സ്റ്റീൽ ഇൻഡസ്ട്രീസ് | സ്റ്റീൽ ഫർണിച്ചർ നിർമ്മിച്ച് വിൽപ്പന | 38 ലക്ഷം (മിനി) | 3000 |
| 72 | ശബരി റോക്ക്സ് | ടൈൽ നിർമ്മാണം | 29.50 ലക്ഷം (മിനി) | 1200 |
| 74 | ഇലായി കെയർ | ജൈവപരമായ ഉൽപ്പന്നങ്ങളുടെ നിർമ്മാണം | 10000 (മൈക്രോ) | 300 |
| 80 | ഷോണ ലബോറട്ടറി | ലബോറട്ടറി | 10000 (മൈക്രോ) | 2000 |
| 132 | മലബാർ ഇംപെക്സ് | സാനിറ്ററി ഉൽപന്നങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് | 15 ലക്ഷം (മൈക്രോ) | 5000 |

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II ൽ നൽകിയിട്ടുള്ളത് ഈടാക്കാവുന്ന പരമാവധി ഫീസ് ആയതിനാൽ ഓരോ സ്ലാബിലും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഏകീകൃത രീതിയിൽ പഞ്ചായത്ത് തലത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

വിവിധ സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം കണക്കാക്കാതെ വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുവാനുള്ള കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/22.03.2023) മറുപടി ലഭ്യമായില്ല.

2. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ (ചട്ടങ്ങളിലെ

പട്ടിക-1 ലെ ക്രമ നം. 132), റേഷൻ കടകൾ(ചട്ടങ്ങളിലെ പട്ടിക-1 ലെ ക്രമ നം. 149) എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ആയത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

നിർദ്ദേശങ്ങൾ

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II ൽ നൽകിയിട്ടുള്ളത് പ്രകാരം ഈടാക്കാവുന്ന പരമാവധി ഫീസിനെ ആധാരമാക്കി ഓരോ സ്ലാബിലും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഏകീകൃത രീതിയിൽ പഞ്ചായത്ത് തലത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള തീരുമാനം എടുക്കാവുന്നതും അതു പ്രകാരം ഫീസ് ഈടാക്കാവുന്നതുമാണ്.

ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ, റേഷൻ കടകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 1-12 വസ്തു നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

## 1-12-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 35 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ, കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|
| 1 | 6/89A- ബഷീർ റസിയ, കിലായിൽ, പള്ളങ്ങാട്ടുചിറ, കപ്പൂർ | 219.43 ഗോഡൌൺ | 35X219.43= 7680.5 ഇളവ്=10% വർദ്ധനവ്= 20% BT=8449 LC=423 Total=8872 | 50x219.43= 10971.5 ഇളവ്=10% വർദ്ധനവ്=20% BT=12068 LC=603 Total=12671 | 2018 11nd Half | 3799 |
| 2 | 5/10b ഹമീദ്ഹാജി, ചെറിയത്ത് വളപ്പിൽ, എറവക്കാട് | ഗോഡൌൺ | 35X179.64= 6287.4 ഇളവ്=10% വർ BT=5659.00 LC=283.00 Total= 5942.00 | 50x179.64= 8982 ഇളവ്=10% BT=8084 LC=404 Total=8488 | 2017 1st Half | 2546 |

100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള മേൽ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന

ഗണത്തിലുൾപ്പെടുത്തിയതിനാൽ പ്രതിവർഷ നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-18/22.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയത്തിലെ അപാകം പരിഹരിച്ച് വരുമാന നഷ്ടം ഒഴിവാക്കേണ്ടതും, സ്വീകരിച്ച തുടർനടപടികൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-12-2 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

താഴെ പറയുന്ന വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള എന്ന ഉപയോഗക്രമം രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 2013 മുമ്പ് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ആയതിനാൽ നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നുണ്ട്.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 4/7 | 156 |
| 2 | 4/236 | 125 |
| 3 | 2/253 | 144 |
| 4 | 6/350/c | 147.25 |
| 5 | 11/88 | 160 |
| 6 | 11/428 | 200 |
| 7 | 15/289 | 109 |
| 8 | 5/226 | 122 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നു. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം. 18/22.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഡാറ്റാ പ്യൂരിഫിക്കേഷനിൽ മേൽ അപാകതകൾ പരിഹരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

### 1-12-3 ഭേദഗതി വിജ്ഞാപനങ്ങൾ പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമം കൂടി കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ- കൂടിയ നിരക്ക് 25 രൂപ).

റസിഡൻഷ്യൽ ഹോംസ്റ്റേകൾക്ക് ഗ്രാമപഞ്ചായത്തിൽ ബാധകമായ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണം നമ്പർ-18/22.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഉപയോഗക്രമത്തിന്റെ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർ

നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്

1-13 വൈദ്യുതി ബോർഡിന് വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ നിന്നും നിയമാനുസൃതമായ ജി.എസ്.ടി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 15/486-ാം നമ്പർ കെട്ടിടത്തിൽ കെ.എസ്.ഇ.ബി ഓഫീസ് 2016 ജനുവരി മാസം മുതൽ വാടകയ്ക്ക് പ്രവർത്തിച്ചുവരുന്നുണ്ട്. കെ.എസ്.ഇ.ബി യുമായി 3 വർഷത്തേക്ക് പ്രതിമാസ വാടക 7700 രൂപ നിശ്ചയിച്ചതായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ വ്യവസ്ഥകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 8085 രൂപ പ്രതിമാസം വാടക ഈടാക്കിയിട്ടുണ്ട്.

2017 ലെ കേരള സി ജി എസ് ടി, എസ് ജി എസ് ടി നിയമങ്ങൾ പ്രകാരം വാടക എന്നത് സേവനത്തിൽ ഉൾപ്പെടുന്നതും ആയതിന് ജി എസ് ടി ബാധകമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ വാടകയിന്മേൽ ബാധകമായിട്ടുള്ള ജി എസ് ടി ഈടാക്കുന്നില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/17.03.2023) മറുപടിയായി ജി.എസ്.ടി ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.
2017 ലെ ജി.എസ്.ടി നിയമങ്ങൾ പ്രകാരം വാടകയിന്മേൽ ബാധകമായിട്ടുള്ള ജി.എസ്.ടി ഉൾപ്പെടുത്തി ഈടാക്കേണ്ടതും തുക കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-14 FHC യിലേക്ക് ഫർണീച്ചർ വാങ്ങൽ-SIDCO യിൽ നിന്നും സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത ഇനം വാങ്ങി

പ്രൊ.നം. 18/22- FHC യിലേക്ക് ഫർണീച്ചർ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(FHC)
അടങ്കൽ - 100000 (എം.ജി-നോൺ റോഡ്)
ചെലവ് - 97303 (ബിൽ നം.270/7-3-2022)
അക്കൗണ്ട് നം. 10281696192 (SIDCO, എറണാകുളം)
ഇൻവോയ്സ് നം. PKD/21-22/81/25-2-22
തുക – 97303 രൂപ (സാധനങ്ങളുടെ വില – 82460 +
GST – 14843)

ജി.ഒ(ആർടി)നം.26/2015/SPD/തിയതി 28-5-2015 പ്രകാരം നിശ്ചയിച്ച നിരക്കനുസരിച്ച് സിഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുവാനുള്ള കാലാവധി ജി.ഒ(ആർടി)നം.10/2021/SPD തിയതി 3-8-2021 പ്രകാരം ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. 28-5-2015 ലെ ഉത്തരവിലെ അനുബന്ധം-IV ൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഇനം വാങ്ങിയിട്ടുണ്ട്.

1. Steel Cabinet With Fixed Shelf Of Size 205x90x28 Cm – 2x12000=24000 രൂപ

സർക്കാർ ഉത്തരവിലെ അനുബന്ധം IV ൽ താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള ഇനമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 2 | Steel Cabinet With 4 Shelves 198x90x48 Cm | 7791 |

സ്റ്റീൽ കാബിനറ്റിന്റെ നീളം 198 സെ.മീറ്റർ എന്നതിനു പകരം 205 സെ.മീറ്റർ എന്ന് ബില്ലിൽ രേഖപ്പെടുത്തി 2 എണ്ണം 12000 രൂപ നിരക്കിൽ ആണ് വാങ്ങിയിട്ടുള്ളത്. 205 സെ.മീറ്റർ നീളമുള്ള കാബിനറ്റ് സർക്കാർ ഉത്തരവിൽ ഉള്ളതായി കാണുന്നില്ല. സ്റ്റാന്റേർഡ് ഇനം വാങ്ങിയിരുന്നുവെങ്കിൽ 8418 രൂപ ((12000-7791)x2) ലാഭിക്കാമായിരുന്നു.

സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കിഷേനിൽ അല്ലാത്ത ഇനം കൂടിയ തുക നൽകി സിഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 02/17.03.2023 – ന മറുപടി ലഭ്യമാക്കിയിട്ടില്ല.

GO(Rt)NO:13/2019/SPD Dtd. 02-04-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് നൽകി സാധനങ്ങൾ നേരിട്ടു വിതരണം ചെയ്യുന്നതിന് അനുമതി ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വിതരണം ചെയ്യാവുന്നതല്ല. സ്ഥാപനം നിർമ്മിക്കാത്ത സാധനങ്ങൾ ടെൻഡർ മുഖേന വാങ്ങേണ്ടതാണ്. സ.ഉ(സാധാ)നം.3299/2016 /ത.സ്വ.ഭ.വ തിയതി 02/12/2016 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പും ഇതേ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

SIDCO വിതരണം ചെയ്ത സ്റ്റീൽ ക്യാബിനറ്റിന്റെ നീളം അളന്ന് ആയത് 198 സെ.മീറ്റർ ആണെങ്കിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

വാങ്ങലുകളിൽ പ്രൊക്യുർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് നം. - 95/22, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ - 100000/-(വികസന ഫണ്ട് ജനറൽ)

ചെലവ് - 100000/- ( Bill No-1/18-03-2022)

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവനുസരിച്ച് ലിറ്ററിന് 3 രൂപ നിരക്കിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് മാസം വരെ പരമാവധി 40,000/- രൂപ എന്ന പരിധിക്ക് വിധേയമായി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ചേക്കോട്, കാഞ്ഞിരത്താണി, തലക്കശ്ശേരി, കുമരനെല്ലൂർ എന്നീ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

ക്ഷീരോത്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന 148 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. രേഖകളുടെ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ 2021 മെയ് വരെ കേവലം 2 മാസങ്ങളിൽ മാത്രമാണ് സബ്സിഡി നൽകാൻ കഴിഞ്ഞിട്ടുള്ളത്. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം മുഴുവൻ മാസങ്ങളിലെയും ആനുകൂല്യം നൽകാൻ കഴിയുന്ന വിധത്തിൽ കൂടുതൽ തുക വകയിരുത്താതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (04/20.03.2023) മറുപടിയായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വർക്കിംഗ് ഗ്രൂപ്പിൽ ഉന്നയിച്ചിട്ടും പഞ്ചായത്ത് ഒരു ലക്ഷം രൂപ മാത്രമാണ് അനുവദിച്ചതെന്നും തുടർവർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തുന്നതിന്റെ ആവശ്യകത പഞ്ചായത്തിനെ ബോധ്യപ്പെടുത്തുമെന്നും അറിയിച്ചിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള വിഹിതം യഥാസമയം ലഭ്യമാക്കിയും കൂടുതൽ തുക വകയിരുത്തിയും ക്ഷീരകർഷകർക്ക് ലക്ഷ്യമിട്ട കാലയളവിൽ സബ്സിഡി നൽകുന്നതിന് ഉതകുംവിധം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

1-16 ആർട്ട്കോയിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി ടി.ഡി.എസ് നടത്തിയില്ല

| | |
|---|---|
| പ്രോജക്ട് | 45/22- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ |
| അടങ്കൽ | 300000 (SCP) |

| | |
|---|---|
| ചെലവ് | 300000 |
| ബിൽ നം, തീയതി | 8/30.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. ജി.എൽ.പി.എസ്. കുമരനല്ലൂർ |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി.ഡി.എസ്., സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2021-22 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ എന്ന പ്രോജക്ട് പ്രകാരം ആർട്ട്ക്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.02/17.03.23 ന് മറുപടി ലഭിച്ചില്ല.

2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലിന് നിയമാനുസൃതമായ കിഴിവുകൾ നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - വ്യക്തിഗത ഗുണഭോക്താക്കളുടെ മെറ്റീരിയൽ പ്രവൃത്തികൾ- മാസ്റ്റർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

06-01-2022 ൽ കേന്ദ്ര സർക്കാരിന്റെ Ministry Of Rural Development Department Of Rural Development പുറപ്പെടുവിച്ച ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളുടെ പ്രവൃത്തികൾക്കുള്ള മെറ്റീരിയലുകൾ വാങ്ങുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കായി 21 മെറ്റീരിയൽ പ്രവൃത്തികൾക്കായി 579602 രൂപ ചെലവഴിച്ചിട്ടുണ്ട്. സോക്ക്പിറ്റ് നിർമ്മാണം, കംപോസ്റ്റ് പിറ്റ്

നിർമ്മാണം,തൊഴുത്ത് നിർമ്മാണം, കിണർനിർമ്മാണം എന്നീ മേഖലകളിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

പ്രവൃത്തികൾക്കാവശ്യമായ വസ്തുക്കൾ ഗുണഭോക്താക്കൾതന്നെ നേരിട്ട് വാങ്ങേണ്ടതും ലഭ്യമായ സാധനങ്ങൾ, ഉപയോഗിച്ചവ, ബാക്കിയുള്ളവ എന്നിവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉപയോഗിച്ച മെറ്റീരിയലിനുമാത്രം തുക അനുവദിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ സർക്കുലറിലെ ഖ.7.1(ഠ) പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. മേൽ പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ സർക്കുലറിലെ ഖ.7.1(ഠ) പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/22.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വ്യക്തിഗത ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തികളുടെ വാങ്ങലുകളിൽ മാസ്റ്റർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-18 മഴക്കാല പൂർവ്വ ശുചീകരണം-ആരോഗ്യ ജാഗ്രതാ പ്രവർത്തനം-മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമായില്ല

ശുചിത്വമിഷൻ ഡയറക്ടറുടെ 24-3-2021 ലെ ഉത്തരവ് നം. 243/D/2021/SM പ്രകാരം 18 വാർഡുകളിലെ വാർഡ്തല ശുചിത്വ കമ്മിറ്റികളുടെ അക്കൗണ്ടുകളിലേക്ക് രണ്ടു തവണകളായി ആകെ 10000 രൂപ വീതം തനത് ഫണ്ടിൽ നിന്നും താഴെ പറയുന്ന ബില്ലുകൾ പ്രകാരം കൈമാറിയിട്ടുണ്ട്.

1. ബിൽ നം. 5210069/28-5-21 പ്രകാരം 18 വാർഡുകളിലെ വാർഡ്തല ശുചിത്വ കമ്മിറ്റികളുടെ അക്കൗണ്ടുകളിലേക്ക് 5000 രൂപ വീതം ആകെ 90000 രൂപ

2. ബിൽ നം. 521000117/03-6-21 പ്രകാരം 18 വാർഡുകളിലെ വാർഡ്തല ശുചിത്വ കമ്മിറ്റികളുടെ അക്കൗണ്ടുകളിലേക്ക് 5000 രൂപ വീതം ആകെ 90000 രൂപ

തനത് ഫണ്ടിൽ നിന്നും ഈ ഇനത്തിൽ മുൻകൂറായി അനുവദിച്ച 180000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം വൗച്ചറുകൾ എന്നിവ ലഭ്യമായില്ല. ആയവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം.19/22-03-23 മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമായില്ല.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ചെലവുതുകയായ 180000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ്ജ് കുറവു ചെയ്യേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്്രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.

കപ്പൂർ ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകളുടെ ഭൗതിക പരിശോധന നടത്തി വാർഡ് തിരിച്ചും ലാമ്പുകളുടെ ഇനം തിരിച്ചുമുള്ള കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ് വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നത്.

KSEB യുടെ 8-7-2019 ലെ വൈദ്യുതി ചാർജ്ജ് താരിഫ് പ്രകാരം ഈടാക്കിവരുന്ന പ്രതിമാസ വൈദ്യുതി ചാർജ്ജ് താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | 18-4-2017 ലെ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 361 | 79 | 28519 |
| 2 | സി.എഫ്.എൽ - 2*11 W | 708 | 38 | 26904 |
| 3 | ട്യൂബ് - 2x40 W | 14 | 159 | 2226 |
| 4 | ട്യൂബ് - 40 W | 77 | 79 | 6083 |
| 5 | സോഡിയം വേപ്പർ ലാമ്പ് - 250 W | 43 | 531 | 22833 |
| ആകെ | | 1203 | | 86565 |

ഗ്രാമപഞ്ചായത്തിൽ നിലവിലും എൽ.ഇ.ഡി ലാമ്പുകൾ മാത്രമാണ് നിലവിലുള്ളതെങ്കിലും വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് 5 ഇനം ലാമ്പുകളുണ്ട്. കാലഹരണപ്പെട്ട സാധാരണ ലാമ്പുകളും സോഡിയം വേപ്പർ ലാമ്പുകളും വൈദ്യുതി ബോർഡിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ബി) തെരുവു വിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തിയില്ല

ഉപയോഗിക്കുന്ന ഊർജ്ജത്തിന് ആനുപാതികമായി മാത്രമേ വൈദ്യുതി ചാർജ് നൽകുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിനായി തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കണമെന്ന് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിന് മീറ്ററിംഗ് ഏർപ്പെടുത്തുവാനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ഗ്രാമപഞ്ചായത്ത് ആലോചിച്ചിട്ടില്ല.

മീറ്ററിംഗ് ഏർപ്പെടുത്തുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്.
ഓഡിറ്റ് അന്വേഷണം നം. 19/22-03-23 മുഖേന വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും രേഖാമൂലമുള്ള മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

5. തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
6. തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/ തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019

പ്രകാരം എം.സി.എഫ്(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 47.43 ച.മീ വിസ്തൃതിയുള്ള എം.സി.എഫ് ന് 775000 രൂപ വകയിരുത്താവുന്നതാണ്. ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയിൽ ഭേദഗതി വരുത്താമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിൽ സ്ഥാപിക്കാവുന്നതാണ്. നിർദ്ദേശങ്ങൾ എത്രത്തോളം പാലിക്കപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എം.സി.എഫ് സംവിധാനം

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിലാക്കി സൂക്ഷിക്കുന്നതിനുള്ള എം.സി.എഫ് കെട്ടിടം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലെ വട്ടക്കുന്ന് എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം നിലവിൽ എം.സി.എഫിൽ സൂക്ഷിച്ചുവരുന്നുണ്ട്.

എം.സി.എഫ് കെട്ടിടം വൈദ്യുതീകരിക്കുകയോ ജല ലഭ്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. ഓഫീസിൽ ആവശ്യമായ ഫർണീച്ചർ, ഷെൽഫുകൾ മുതലായ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ല. എം.സി.എഫിൽ അഗ്നിരക്ഷാ സംവിധാനങ്ങളും ബെയ്‌ലിംഗ് മെഷീൻ പോലുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഹരിതകർമ്മസേനയിൽ 18 വാർഡുകളിലായി 22 അംഗങ്ങളാണ് നിലവിലുള്ളത്. അംഗങ്ങളുടെ എണ്ണം കുറവായതിനാൽ ഒരു വാർഡിൽ രണ്ടു മാസം കൂടുമ്പോളാണ് സന്ദർശനം നടത്തിവരുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം. PAN/10439/2021/C2-DP തിയതി 14-6-22 പ്രകാരം ബൈലോ അംഗീകരിച്ചിട്ടുണ്ട്. ആയതനുസരിച്ച് വീടുകളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും ആണ് യൂസർ ഫീ ഈടാക്കി വരുന്നത്. ഏകദേശം 8000 വീടുകളും 500 ൽ അധികം വാണിജ്യ സ്ഥാപനങ്ങളും ഉള്ളതിൽ 50% ൽ താഴെ വീടുകളിൽ നിന്നും കടകളിൽ നിന്നുമാണ് യൂസർ ഫീ ലഭ്യമാകുന്നതെന്ന് ഹരിതകർമ്മസേനാംഗങ്ങൾ ഓഡിറ്റിനെ നേരിട്ട് അറിയിച്ചിട്ടുണ്ട്.

യൂസർഫീ ഇനത്തിൽ തുച്ഛമായ തുകയാണ് ലഭ്യമാകുന്നതെന്ന് ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചു. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് സേനാംഗങ്ങളുടെ വേതനം കണ്ടെത്തുന്നത്.

ഹരിത കർമ്മസേനയുടെ പേരിൽ കനറാ ബാങ്കിലുള്ള അക്കൗണ്ടിലെ (അക്കൗണ്ട് നം. 1180101036528) നിലവിലെ നീക്കിയിരിപ്പ് 46100 രൂപയാണ്.

മാലിന്യം കയ്യൊഴിക്കൽ

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മാലിന്യം കൊണ്ടുപോകുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാർ നിലവിലുണ്ട്. ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക് നൽകുന്നുണ്ടെങ്കിലും നിലവിൽ രണ്ട് ടണ്ണോളം മാലിന്യം എം.സി.എഫിൽ ഉള്ളതായി അംഗങ്ങൾ അറിയിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ വാഹനം

മാലിന്യങ്ങൾ ശേഖരിച്ച് സംഭരണ സ്ഥലത്ത് എത്തിക്കുന്നതിനായി ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി ഒരു ഇലക്ട്രിക്കൽ മുച്ചക്ര വാഹനം 2021-22 വർഷത്തിൽ വാങ്ങി നൽകിയിട്ടുണ്ട്.

പ്രോജക്ട് നം. 227/22-ഹരിതകർമ്മസേനയ്ക്ക് മുച്ചക്ര വാഹനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 450000 (CFC-50000+ കേന്ദ്രവിഹിതം - 400000)

ചെലവ് - 407960 (CFC-50000 (1528439/3-3-22)+ കേന്ദ്രവിഹിതം 357960 (210069/30-3-22)

നിലവിൽ താത്കാലികാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചാണ് വാഹനം ഉപയോഗപ്പെടുത്തുന്നത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം ലഭ്യമാക്കിയിട്ടില്ല.

ഹരിതകർമ്മസേനയുടെ മേൽനോട്ടച്ചുമതല

ജി.ഒ(ആർ.ടി)നം.2307/2020/എൽ.എസ്.ജി.ഡി തി. 16-12-20 പ്രകാരം മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ജി.ഒ(ആർ.ടി)നം.949/2021/ എൽ.എസ്.ജി.ഡി തി. 05-05-21 പ്രകാരം പ്രസ്തുത പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിപുലീകരിച്ച് സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി) നം.880/2021/എൽ.എസ്.ജി.ഡി തി. 16-04-21 പ്രകാരം ഗ്രമപഞ്ചായത്തിന്റെ ഉത്തരവാദിത്തങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയുടേയും മാലിന്യ

സംസ്കരണ പ്രവർത്തനങ്ങളുടെയും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ മേൽ ഉത്തരവുകൾ പ്രകാരം തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

പ്ലാസ്റ്റിക് മാലിന്യം ഫലപ്രദമായി കയ്യൊഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഹരിതകർമ്മസേനയുടെ വാഹനത്തിന്റെ പരിപാലനം ഫലപ്രദമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകി വാഹനം അവർതന്നെയാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

എം.സി.എഫ് കെട്ടിടത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

എം.സി.എഫിൽ ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

എം.സി.എഫിന്റെ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ അവരുടെ ചുമതല നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നിലവിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി ആരോഗ്യം-വിദ്യാഭ്യാസം, വികസനം സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഭരണസമിതിയുടേയും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.20/22-03-23 പ്രകാരം പരിശോധനയിലെ കണ്ടെത്തലുകൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | നം.38/22, കന്നുകുട്ടി പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ, ഫണ്ടിനം | ₹1250000 (₹312500- വികസന ഫണ്ട് ജനറൽ, ₹312500- സംസ്ഥാനാവിഷ്കൃതം, ₹625000- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹312500 - വികസന ഫണ്ട് ജനറൽ |
| ബിൽ നം./ തീയതി | 05/17-02-22 |

കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ട് പ്രകാരം 50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 312500 രൂപ (50x6250) Calf Feed Subsidy Programme അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ട്

പൂർത്തീകരിച്ചതിന്റെയും തുകയുടെ വിനിയോഗത്തിന്റെയും വിവരം ഫയലിൽ ലഭ്യമല്ല.

പ്രോജക്ട് പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നമ്പർ.7/20-03-2-23 മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമായില്ല.

പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി എന്ന പ്രോജക്ടുകളുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ ഐശ്വര്യശ്രീ അമൃതം ഫുഡ്സ്, നെല്ലിക്കാട്ടിരി, കുറ്റനാട് എന്ന സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃത ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ലെന്ന് കണ്ടെത്തി.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 24/22-അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ) |
| അടങ്കൽ, ഫണ്ടിനം | ₹3000000<br>(₹2000000 വികസന ഫണ്ട് ജനറൽ+<br>₹1000000 കേന്ദ്രാവിഷ്കൃതം) |
| ചെലവ് | ₹3000000<br>(₹2000000 വികസന ഫണ്ട് ജനറൽ+<br>₹1000000 കേന്ദ്രാവിഷ്കൃതം) |
| ബിൽ നം, തീയതി | 168257/2-7-21 – 124840/- (ഐശ്വര്യശ്രീ അമൃതം ഫുഡ്സ്)<br>210898/16-7-21 - 630183/-<br>210160/15-7-21 – 367160/- (ഐശ്വര്യശ്രീ അമൃതം ഫുഡ്സ്)<br>1117985/14-2-22 – 79691 ( ഐശ്വര്യശ്രീ അമൃതം ഫുഡ്സ്)<br>805070/14-12-21 – 798126/- കേന്ദ്രാവിഷ്കൃതം<br>(ഐശ്വര്യശ്രീ അമൃതം ഫുഡ്സ്)<br>ചെക്ക് നം.5720109/24-02-22 – 768050/- കേന്ദ്രാവിഷ്കൃതം<br>(ഐശ്വര്യശ്രീ അമൃതം ഫുഡ്സ്)<br>ചെക്ക് നം.5720117/17-03-22 – 23500/- കേന്ദ്രാവിഷ്കൃതം<br>ചെക്ക് നം. 5720119/22-03-22 – 128364/- കേന്ദ്രാവിഷ്കൃതം<br>(ഐശ്വര്യശ്രീ അമൃതം ഫുഡ്സ്)<br>ചെക്ക് നം. 5720119/ 22-03-22 – 80086/- കേന്ദ്രാവിഷ്കൃതം (ഐശ്വര്യശ്രീ അമൃതം ഫുഡ്സ്) |

2)

| | |
|---|---|
| പ്രോജക്ട് | 25/22- അങ്കണവാടി പോഷകാഹാര പരിപാടി (SCP) |
| അടങ്കൽ | ₹592400 ( വികസന ഫണ്ട് SCP) |
| ചെലവ് | ₹592400 ( വികസന ഫണ്ട് SCP) |
| ബിൽ നം/ തീയതി | 334644/12-8-21 – 122582<br>477688/21-10-21 – ₹436399 (ഐശ്വര്യശ്രീ അമൃതം ഫുഡ്സ്)<br>1117975/14-02-22 – ₹53419 |

2017 ലെ സ്റ്റേറ്റ് ഗുഡ്സ് & സർവ്വീസ് ആക്ട് സെക്ഷൻ 51(1), 2017ലെ കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 08.09.2020 ലെ സർക്കുലർ നം. നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിൽ കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കുറവു ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ 5% ജി എസ് ടി ഉൾപ്പെടെ മുഴുവൻ തുകയും ഐശ്വര്യശ്രീ അമൃതം ഫുഡ്സ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ഈ വിഷയത്തിന്മേൽ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.08/20-03-23) മറുപടിയിൽ കുടുംബശ്രീ യൂണിറ്റ് ജി.എസ്.ടി അടവാക്കിയിട്ടുള്ളതിനാലാണ് ടി.ഡി.എസ് നടത്താതിരുന്നതെന്ന് അറിയിക്കുകയും സ്ഥാപനത്തിന്റെ ജി.എസ്.ടി റിട്ടേണിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയതിനു ശേഷമാണ് തുക അനുവദിക്കുന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകളിൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യാതിരുന്നാൽ പിഴ ഒടുക്കേണ്ടി വരുമെന്നതിനാൽ നിയമാനുസൃതം ടി.ഡി.എസ് നടത്തിയതിനു ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്.

## 1-23 പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ വിവരം ലഭ്യമല്ല

1. പ്രോജക്ട് - 203/22, 2020-21 പി.എം.എ.വൈ -ബ്ലോക്കിന് വിഹിതം നൽകൽ(SC)
നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - ₹70000 (വികസന ഫണ്ട് SCP)
ചെലവ് - ₹70000
ബിൽ നം. - 1099835/10-02-22
2. പ്രോജക്ട് - 205/22, 2020-21 -പി.എം.എ.വൈ -ബ്ലോക്കിന് വിഹിതം നൽകൽ(ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - ₹280000 (വികസന ഫണ്ട് ജനറൽ)
ചെലവ് - ₹280000
ബിൽ നം. - 500628674/10-11-21
3. പ്രോജക്ട് - 240/22, പി.എം.എ.വൈ വിഹിതം നൽകൽ(ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - ₹280000 (വികസന ഫണ്ട് ജനറൽ)
ചെലവ് - ₹210000

ബിൽ നം. - 1304605/11-03-22- ₹70000
1438436/24-03-22- ₹140000

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം പി.എം.എ.വൈ ഭവന പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി ആകെ 560000 രൂപ (70000 + 280000 + 210000) തൃത്താല ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട്. അക്കൗണ്ട് നം. -799013100000007. എത്ര ഗുണഭോക്താക്കൾക്കായാണ് വിഹിതം കൈമാറിയിട്ടുള്ളതെന്നതിന്റെ വിവരവും നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്നതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല. വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/22-03-23) മറുപടി ലഭ്യമായില്ല.

കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-24 ബയോ കമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ- ധനവിനിയോഗത്തിൽ അപാകം

പ്രോജക്ട്- 118/22, ഗാർഹികാവശ്യത്തിന് ബയോ കമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - ₹2732400 (₹2459160- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ₹273240- ഗുണഭോക്തൃ വിഹിതം)
ചെലവ്- ₹1260000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബിൽ നം. - XVFC 2021-22/P21 /18-03-22 – ₹491832
XVFC 2021-22/P29 /30-03-22 - ₹768168

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം 1518 ബയോ കമ്പോസ്റ്റ് ബിന്നുകൾ 90% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. നമ്പർ ബി1-5864/2021 തി.31-12-21 പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചെങ്കിലും ടെണ്ടറുകൾ ലഭ്യമാകാത്തതിനെ തുടർന്ന് ഐ.ആർ.ടി.സി യിൽ നിന്നും ബിന്നുകൾ വാങ്ങുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 22-02-2022 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഐ.ആർ.ടി.സി - പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്, മുണ്ടൂർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും നമ്പർ ബി1-7463/21 തി.09-03-22 പ്രകാരം 700 ബയോബിന്നുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

491832 രൂപ ഐ.ആർ.ടി.സി ക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം. B2B420/25-03-22 പ്രകാരം 700 ബിന്നുകൾ 1800 രൂപ നിരക്കിൽ (700x1800 = 1260000 രൂപ) വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ മുൻകൂർ കഴിച്ച് ബാക്കി തുകയായ 768168 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ്, ജി.എസ്.ടി ടി.ഡി.എസ് എന്നിവ ഈടാക്കിയ ശേഷം ബാക്കി തുകയായ 734418 രൂപയാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 1800 രൂപ വിലയുള്ള ഒരു ബിന്നിന് 90% സബ്സിഡി, 10% ഗുണഭോക്തൃ വിഹിതം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. എന്നാൽ 700 ബയോബിന്നുകളുടെ വിലയായ 1260000 രൂപ മുഴുവനായും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നാണ് നൽകിയിട്ടുള്ളത്. 10% തുക ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനു പകരം മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.

2. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 31-03-22 വരെയുള്ള കാലയളവിൽ 691 പേരുടെ ഗുണഭോക്തൃ വിഹിതമായ 124380 രൂപ പിരിച്ച് തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ബാക്കി 9 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ രേഖകൾ ഇല്ല.
3. 126000 രൂപ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് പകരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചത് ക്രമപ്രകാരമല്ല.

4. 700 ബയോബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.10/20-03-23 ന് മറുപടി ലഭ്യമായില്ല.

9 പേരുടെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്ത് ചെലവഴിച്ച 1620 രൂപ (9x180) ഓഡിറ്റിൽ നിരാകരിക്കുന്നു. മതിയായ രേഖകളും വിശദീകരണവും ലഭ്യമാക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം ചെലവഴിച്ച 126000 രൂപ തിരിച്ചടവാക്കി വിവരം അറിയിക്കുകയും ചെയ്യുന്നതുവരെ നിരാകരിച്ച തുക ഒഴികെയുള്ള 1258380 രൂപ (1260000-1620) ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

(ഖണ്ഡിക 3-1 കൂടി കാണുക)

## 1-25 ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരിക്കാത്ത ഭവനങ്ങൾ

2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 20/22 | ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) 2022 | 8400000 | 800000 |
| 21/22 | ലൈഫ് ഭവന നിർമ്മാണ പദ്ധതി(എസ്.സി.പി) 2022 | 7500000 | 3260000 |
| 130/22 | ലൈഫ് ഭവന നിർമ്മാണം(എസ്.സി.പി) (Spill Over) | 1280000 | 100000 |
| 133/22 | ലൈഫ് ഭവന നിർമ്മാണ പദ്ധതി(എസ്.സി.പി) 2021- Spill Over | 1080000 | 400000 |

ലൈഫ് ഫേസ് 2

ഭവന നിർമ്മാണം രണ്ടാം ഘട്ടത്തിൽ ആകെ 55 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ 51 പേരുടെ ഭവന നിർമ്മാണം പൂർത്തിയായി.

ലൈഫ് ഫേസ് 3 To 2

ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെടുകയും പിന്നീട് ഭൂമി ലഭിക്കുകയും ചെയ്ത 5 (ജനറൽ- 3, എസ്.സി- 2) ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 2 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ഫേസ് 2- SC അഡീഷണൽ ലിസ്റ്റ്

SC അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട 27 പേർ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിച്ചതിൽ 3 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

രജിസ്റ്റർ പ്രകാരം 2021-22 ലും മുൻ വർഷങ്ങളിലുമായി എഗ്രിമെന്റ് വച്ച് നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | എഗ്രിമെന്റ് വച്ച വർഷം |
|---|---|---|---|
| 1 | ജാനകി W/o അപ്പു(late), കുമരനെല്ലൂർ | 360000 | 2018-19 |
| 2 | കവിത വിപിൻ, വരമ്പിനകത്ത് | 360000 | 2021-22 |
| 3 | ബുഷറ, ഓലങ്ങാട്ട് | 300000 | 2020-21 |
| 4 | റംല, ഒസാലുവീട്ടിൽ | 360000 | 2021-22 |

| | | | |
|---|---|---|---|
| 5 | ലിമ്യ വിനീഷ്, വാരിയത്ത് പടി | 340000 | 2021-22 |
| 7 | ഷൈലജ രവീന്ദ്രൻ, വെള്ളാലൂർ | 300000 | 2019-20 |
| 8 | സുജിത കൃഷ്ണകുമാർ, കുണ്ടുകാട്ടിൽ | 300000 | 2019-20 |
| 9 | ബിനി W/o പ്രതാപ്, കരിവേക്കിൻതറയിൽ | 350000 | 2019-20 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.17/222-03-23)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമായില്ല.

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

1. പ്രോജക്ട്- 22/22, വീട് വാസയോഗ്യമാക്കൽ(ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - ₹1260000 - വികസന ഫണ്ട് ജനറൽ
ചെലവ്- ₹1050000

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് 35000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. 17500 രൂപ വീതം രണ്ട് ഗഡുക്കളായാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. 34 പേർക്ക് തൻവർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | റസിയ, വടക്കത്ത് പറമ്പിൽ | 04-01-22 |
| 2 | മഹിത.കെ.പി, കല്ലൂർക്കപറമ്പിൽ | 04-01-22 |
| 3 | വാസു.കെ.എൻ, കുളപ്പുറത്ത് | 04-01-22 |
| 4 | വിശ്വനാഥൻ, കാലടി വീട്, കുമരനെല്ലൂർ | 24-01-22 |
| 5 | പദ്മാവതി W/o രാമകൃഷ്ണൻ, കരുവാരക്കാട്ടിൽ, അമേറ്റിക്കര | 19-02-22 |
| 6 | മുഹമ്മദ്കുട്ടി, പടിഞ്ഞാറേ വളപ്പിൽ, കുമരനെല്ലൂർ | 02-03-22 |

2. പ്രോജക്ട്- 23/22, വീട് വാസയോഗ്യമാക്കൽ SCP
നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - ₹1440000 - വികസന ഫണ്ട് ജനറൽ
ചെലവ്- ₹1000000

പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി 40000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. 20000 രൂപ വീതം രണ്ട് ഗഡുക്കളായാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. 27 പേർക്ക് തൻവർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതായി കാണുന്നു.

| ക്രമ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു |
|---|---|---|

| നം. | | കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | മോഹൻദാസ്, ചാഴിയത്ത് | 04-01-22 |
| 2 | സുജിത W/o സുബ്രഹ്മണ്യൻ, പുതുശ്ശേരിപ്പറമ്പിൽ, കൊഴിക്കര | 24-03-22 |
| 3 | റിയ W/o ശിവദാസൻ, പാലാട്ട് പടി, കുമരനെല്ലൂർ | 26-03-22 |
| 4 | ലത സുരേഷ്ബാബു, അച്ചകുത്ത് വളപ്പിൽ | 22-03-22 |

മേൽ പട്ടികകളിലെ ഗുണഭോക്താക്കളുടെ വീട് റിപ്പയർ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/22-03-23) മറുപടി ലഭ്യമായില്ല.

ഗുണഭോക്താക്കളുടെ വീട് റിപ്പയർ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ അപാകങ്ങൾ നിലനിൽക്കുന്നു

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും 2021, 2022 വർഷങ്ങളിലെ ഏതാനും മരണ രജിസ്ട്രേഷനുകളും ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

I. മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും സേവന പെൻഷൻ ഡാറ്റാബേസിൽ നിന്നും ഗുണഭോക്താക്കളെ ഒഴിവാക്കിയിട്ടില്ല

താഴെ ചേർക്കുന്ന പെൻഷനർമാർ മരണപ്പെടുകയും ഈ സ്ഥാപനത്തിൽ തന്നെ പ്രസ്തുത മരണം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടും നിലവിൽ സേവന പെൻഷൻ ഡാറ്റാബേസിൽ ഇവരുടെ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നു.

1)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | അബൂബക്കർ, കല്ലിങ്ങൽ,ആനക്കര |
| ആധാർ നം. | 503757624816 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108060200776 |
| മരണപ്പെട്ട തീയതി | 01-09-2022 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 2264/2022, 16-09-22 |

അനർഹമായി അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ മാസം | തുക |
|---|---|
| 10/2022മുതൽ 12/2022 വരെ | 3x1600= 4800രൂപ |

2)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | കാളി |
| ആധാർ നം | 588260272504 |
| പെൻഷൻ ഇനം | *50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ* |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108060500058 |
| മരണപ്പെട്ട തീയതി | 07-05-22 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 66/2022, 23-05-22 |

സേവന പെൻഷൻ സോഫ്റ്റ് വെയറിലെ ഡി.ബി.ടി വിതരണ രേഖകൾ പ്രകാരം മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ/ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ 2019 ആഗസ്റ്റ് മുതൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു.

II. ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2022 ഡിസംബർ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം നൂറിലധികം പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ തൻമാസം പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതായി കണ്ടെത്തി. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ മാസങ്ങളായി ഇവർക്ക് പെൻഷൻ കൈമാറിയിട്ടില്ല. ഇവർ മാസങ്ങളായി പെൻഷൻ കൈപ്പറ്റാതിരിക്കുകയും മസ്റ്ററിംഗ് പൂർത്തീകരിക്കുകയും ചെയ്യാത്തതിന്റെ കാരണം കണ്ടെത്തി മരണപ്പെട്ടവരോ അനർഹരോ ആയ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവരെ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം അവസാനം തുക കൈമാറിയ മാസം , നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|
| 1 | നീലി | 108060100500 | ജൂലൈ 2019<br>08/2019 മുതൽ നാളിതുവരെ മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ/ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞ് വച്ചിരിക്കുന്നു. |
| 2 | റുക്കിയ | 108060600230 | ഏപ്രിൽ 2019<br>05/2019 To 07/2019 – തുക കൈമാറാൻ കഴിഞ്ഞിട്ടില്ല എന്നും Re Married എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.<br>08/2019 മുതൽ മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ/ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞ് വച്ചിരിക്കുന്നു. |
| 3 | അബ്ദുൾ റഹ്മാൻ | 108060201807 | സെപ്റ്റംബർ 2022<br>നിലവിലെ സ്റ്റാറ്റസ്- സസ്പെൻഡ്<br>10/22, 11/22- Deceased- തുക കൈമാറാൻ സാധിച്ചിട്ടില്ല .<br>12/22 – തുക സഹകരണ ബാങ്കിന് കൈമാറി. |
| 4 | മൊയ്തുണ്ണി | 108060201592 | ഡിസംബർ 2021<br>01/2022 മുതൽ തുക അക്കൌണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല- Account Closed Or Transferred. |
| 5 | അബ്ദുറഹ്മാൻ | 108060201618 | നവംബർ- 2021<br>12/2021 മുതൽ- സർക്കാർ ഉത്തരവ് പ്രകാരം 06-02-2017 ന് ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല എന്ന കാരണത്താൽ തടഞ്ഞ് വച്ചിരിക്കുന്നു. |
| 6 | മുഹമ്മദ് | 108060201785 | നവംബർ- 2021<br>12/2021 മുതൽ- സർക്കാർ ഉത്തരവ് പ്രകാരം 06-02-2017 ന് ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല എന്ന കാരണത്താൽ തടഞ്ഞ് വച്ചിരിക്കുന്നു. |
| 7 | ആമിന | 108060600709 | ഏപ്രിൽ 2022<br>05/2022 മുതൽ പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ തടഞ്ഞ് വച്ചിരിക്കുന്നു. |

ഈ വിഷയങ്ങൾ ഓഡിറ്റ് അന്വേഷണം നം. 9/20-03-23 മുഖേന ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ സോഫ്റ്റ്‌വെയറിൽ ആക്ടീവ് സ്റ്റാറ്റസ് ആയി തുടരുന്ന മേൽ പരാമർശിച്ച രണ്ട് ഗുണഭോക്താക്കളുടേയും പെൻഷൻ നിലവിൽ റദ്ദ് ചെയ്തിട്ടുണ്ടെന്നും അബൂബക്കർ, കല്ലിങ്ങൽ എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അധികമായി അനുവദിച്ച തുക തിരികെ അടവാക്കുന്നതിന് പ്രസ്തുത ബാങ്കിലേക്ക് അറിയിപ്പ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിർദ്ദേശം

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ വിവരങ്ങൾ സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ഡാറ്റയുമായി പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി സാമൂഹ്യ സുരക്ഷാ പെൻഷന്റെ അക്കൗണ്ടിലേക്ക് അടവാക്കേണ്ടതുമാണ്.

ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും മരണപ്പെട്ടവരോ അനർഹരോ ആയ ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

2021-22 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രേഖകളുടെ പരിശോധനയിന്മേലുള്ള പൊതുവായ വിലയിരുത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.
(ഓഡിറ്റ് അന്വേഷണം നം. 5/20-3-23)

### 1-28-1 ചെലവ് ശതമാനം, രേഖകളുടെ സൂക്ഷിപ്പ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 94 പ്രവൃത്തികളിൽ 54 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 3.56 കോടി രൂപയിൽ 1.38 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 39% മാത്രമാണ് തൻവർഷത്തെ ചെലവ്.

എ. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

റോഡ് പ്രവൃത്തികൾ - 75%

കെട്ടിടങ്ങൾ - 16%

കുടിവെള്ള പദ്ധതികൾ, മറ്റ് പ്രവൃത്തികൾ - 9%

43% പ്രവൃത്തികൾ സ്പിൽ ഓവർ ആയി മാറിയിട്ടുണ്ട്.

ബി. രേഖകളുടെ സൂക്ഷിപ്പ്

2012 ലെ PWD മാന്വൽ അനുസരിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ഫോറം പുതുക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കാതെയാണ് കരാറുകാരുമായി എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിലും കരാർ കാലാവധിക്കുമുമ്പ് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല. അപ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പല പ്രവൃത്തികളുടേയും കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടില്ല.

ബില്ലുകളിൽ നിന്നും GST TDS നടത്തിയിട്ടുള്ളത് ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നുമാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് കുറവു ചെയ്യേണ്ടതെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വകയിരുത്തുന്ന തുകയുടെ പരമാവധി വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

2. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

3. PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടുമാത്രം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതാണ്.

4. GST TDS നടത്തുന്നത് ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണെന്ന് ഉറപ്പാക്കണം.

## 1-28-2 ആസ്തി സംരക്ഷണ പദ്ധതി

പദ്ധതി മാർഗ്ഗരേഖ പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മെയ്ന്റനൻസ് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 17842600 | 7010472 | 10832128 | 39 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 5848168 | 1279978 | 4568190 | 22 |

നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റിന്റെ 22% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

അങ്കണവാടികൾ, പി.എച്ച്.സി, കൃഷി ഓഫീസ്, എന്നിവയുടെ നവീകരണത്തിനായി വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. മരുന്നു വാങ്ങൽ പോലുള്ള ആവശ്യങ്ങൾക്ക് മുൻഗണന നൽകിയാണ് മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. റോഡിതര മെയന്റനൻസ് ഗ്രാന്റിന്റെ ലക്ഷ്യം കൈവരിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല.

മെയന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവഴിക്കുന്നതിനുള്ള പ്രവണതയുള്ളതായി കണ്ടെത്തി. പഞ്ചായത്ത് ഓഫീസ് കെട്ടിടം പൂർത്തീകരണം രണ്ടാം ഘട്ടം (പ്രൊ.നം.254/22) പ്രകാരം 1492000 രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. പഞ്ചായത്തിന്റെ സ്വന്തം ആസ്തികൾക്കായി റോഡിതര മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കരുതെന്ന സർക്കാർ മാർഗ്ഗനിർദ്ദേശം നിലനിൽക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഓരോ സ്ഥാപനത്തിന്റേയും ആവശ്യകത വിലയിരുത്തി ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

2. മെയ്ന്റനൻസ് ഗ്രാന്റ് വക മാറ്റാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-29 കരാറുകാർക്ക് ടെണ്ടർ എക്സസ് കുടിശ്ശിക നൽകുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്

സ.ഉ(സാധാ)നം.1778/21/LSGD തീയതി 16-9-2021 പ്രകാരം DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുവാനും 10% വരെ ടെണ്ടർ അധിക നിരക്ക് നൽകുവാനും അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് 2021-22 വർഷത്തിൽ 42 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ കരാറുകാർ 10 ശതമാനത്തിൽ കൂടാതെ അധിക നിരക്ക് ക്വോട്ട് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക അനുവദിച്ചപ്പോൾ ഓരോ പ്രവൃത്തിക്കും ലഭ്യമായ തുകയിൽ

പരിമിതപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബില്ലുകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. നാളിതുവരെ അധിക നിരക്ക് അനുവദിച്ചിട്ടില്ല. 2021-22 വർഷത്തിൽ പൂർത്തീകരിച്ച 42 പ്രവൃത്തികളുടെ കരാറുകാർക്ക് 958702 രൂപ കുടിശ്ശികയിനത്തിൽ നൽകുവാൻ ബാക്കിയുള്ളതായി കാണുന്നു. കരാറുകാർക്ക് കുടിശ്ശിക അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6(1)/20-3-23 ന് മറുപടി ലഭ്യമായില്ല.

## 1-30 ടേക് എ ബ്രേക് പദ്ധതി ശൗചാലയം- പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ നിർമ്മിതികൾ 31-12-2020 നകം പൂർത്തീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ടേക് എ ബ്രേക്ക് പദ്ധതി പ്രകാരം പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും ആയത് തൻവർഷം നടപ്പാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട്. 206/22-ടേക് എ ബ്രേക്ക്
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനിയർ

അടങ്കൽ - 1715000 രൂപ (CFC- 1158010, കേന്ദ്രവിഹിതം - 256990, സംസ്ഥാനാവിഷ്കൃതം-300000 രൂപ)

ടേക് എ ബ്രേക്ക് പദ്ധതി പ്രകാരം പൊതു ശുചിമുറികൾ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ട് പ്രകാരം തൻവർഷം തുക ചെലവഴിക്കാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാനും നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(1)/20-3-23 ന് മറുപടി ലഭ്യമായില്ല.

പൊതുശുചിമുറിയുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-31 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല

2012 ലെ കേരള പി.ഡബ്ല്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അത്തരത്തിൽ രണ്ടു തവണ ദീർഘിപ്പിച്ചു നൽകാവുന്നതും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതുമല്ല. PWD മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധിക്കകം കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനുള്ള അപേക്ഷ നൽകുകയോ അസി. എഞ്ചിനിയർ കാലാവധി ദീർഘിപ്പിച്ചുനൽകുകയോ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. പിഴ ഈടാക്കാതെ ദീർഘിപ്പിച്ച നൽകിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | PAC | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ (രൂപ) | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | പ്രൊ.നം.140/21-മുല്ലംകുന്നുകണ്ടിൽപാടം റോഡ് അരികു സംരക്ഷണം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ<br>അടങ്കൽ - 300000 (MG-Road)<br>കരാറുകാരൻ -<br>ശ്രീ.അബ്ദുൾകരീം.സി.എം<br>എഗ്രിമെന്റ് നം. 8/27-8-2020<br>അളവ് പുസ്തകം നം.11/20-21<br>ചെലവ് - 226644 രൂപ<br>(ബിൽ നം. 1210003/10-8-21) | 299343 | 9-3-2021 | 24-4-2021 | 1158 | 2993<br>(1% Of PAC) | 1835 |
| 2 | പ്രൊ.നം.93/21-പാറക്കൽപള്ളി റോഡ് അവസാന ഭാഗം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ<br>അടങ്കൽ - 150000 (തനത് ഫണ്ട്)<br>കരാറുകാരൻ -<br>ശ്രീ.എം.വാസുദേവൻ<br>എഗ്രിമെന്റ് നം. 37/29-9-2020<br>അളവ് പുസ്തകം നം.13/20-21 | 149717 | 28-3-2021 | 22-2-2022 | 1497 | 4491<br>(3% Of PAC) | 2994 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ചെലവ് - 149676 രൂപ (ബിൽ നം. 1210018/10-8-21) | | | | | | |

ആകെ – 4829 രൂപ

സ.ഉ(സാധാ)നം.1444/21/തസ്വഭവ തിയതി 31-7-21 പ്രകാരം പൂർത്തീകരണ കാലാവധി ഫൈൻ ഇല്ലാതെ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും ഉത്തരവിന്റെ ആനുകൂല്യം ഈ പ്രവൃത്തിക്ക് ഇല്ലാത്തതിനാൽ കുറവു വന്ന തുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6(4)/20-3-23 ന് മറുപടി ലഭ്യമായില്ല.

1-32 ഉമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് – നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രൊ.നം.255/22-ഉമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ്

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 630000 രൂപ വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം തൻവർഷം തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല. പ്രോജക്ടിന്റെ ലക്ഷ്യം എന്തായിരുന്നുവെന്നും ആയത് നടപ്പാക്കുന്നതിനുള്ള തടസ്സം എന്താണെന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(5)/20-3-23 ന് മറുപടി ലഭ്യമായില്ല.

മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

1-33 എം.സി.എഫ് കെട്ടിടം -ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

പ്രൊ.നം. 230/22 പ്രകാരം എം.സി.എഫ് കെട്ടിടത്തിനോടനുബന്ധിച്ച് ഒരു ഹാൾ നിർമ്മിക്കുന്നതിനായി CFC ഫണ്ടിൽ നിന്നും 4 ലക്ഷം രൂപയും കേന്ദ്രവിഹിതമായി 150000 രൂപയും വകയിരുത്തിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.മനോജ്.കെ

എഗ്രിമെന്റ് നം. 64/8-3-2022

അളവു പുസ്തകം നം.137/18-19

ബിൽ നം. 1496502/19-3-2022 പ്രകാരം 118223 രൂപ(CFC) തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

എം.സി.എഫ് കെട്ടിടത്തിൽ വൈദ്യുതീകരണം, ജലലഭ്യത, ഓഫീസിലേക്കാവശ്യമായ ഫർണീച്ചറുകൾ, ഷെൽഫുകൾ എന്നീ സൗകര്യങ്ങളും അഗ്നിസുരക്ഷാ സംവിധാനവും ഉറപ്പാക്കിയിട്ടില്ല. ബെയ്‌ലിംഗ് മെഷീൻ പോലുള്ള ഉപകരണങ്ങളും സ്ഥാപിച്ചിട്ടില്ല.

എം.സി.എഫ് കെട്ടിടം പൂർണ്ണസജ്ജമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6(7)/20-3-23 ന് മറുപടി ലഭ്യമായില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ബയോ കമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ- ധനവിനിയോഗത്തിൽ അപാകം

പ്രോജക്ട്- 118/22, ഗാർഹികാവശ്യത്തിന് ബയോ കമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - ₹2732400 (₹2459160- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ₹273240- ഗുണഭോക്തൃ വിഹിതം)
ചെലവ്- ₹1260000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബിൽ നം. - XVFC 2021-22/P21 /18-03-22 – ₹491832
XVFC 2021-22/P29 /30-03-22 - ₹768168

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം 1518 ബയോ കമ്പോസ്റ്റ് ബിന്നുകൾ 90% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടത്. നമ്പർ ബി1-5864/2021 തി.31-12-21 പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചെങ്കിലും ടെണ്ടറുകൾ ലഭ്യമാകാത്തതിനെ തുടർന്ന് ഐ.ആർ.ടി.സി യിൽ നിന്നും ബിന്നുകൾ വാങ്ങുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 22-02-2022 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഐ.ആർ.ടി.സി - പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്, മുണ്ടൂർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും നമ്പർ ബി1-7463/21 തി.09-03-22 പ്രകാരം 700 ബയോബിന്നുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

491832 രൂപ ഐ.ആർ.ടി.സി ക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം. B2B420/25-03-22 പ്രകാരം 700 ബിന്നുകൾ 1800 രൂപ നിരക്കിൽ (700x1800 = 1260000 രൂപ) വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ മുൻകൂർ കഴിച്ച് ബാക്കി തുകയായ 768168 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ്, ജി.എസ്.ടി ടി.ഡി.എസ് എന്നിവ ഈടാക്കിയ ശേഷം ബാക്കി തുകയായ 734418 രൂപയാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 1800 രൂപ വിലയുള്ള ഒരു ബിന്നിന് 90% സബ്സിഡി, 10% ഗുണഭോക്തൃ വിഹിതം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. എന്നാൽ 700 ബയോബിന്നുകളുടെ വിലയായ 1260000 രൂപ മുഴുവനായും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നാണ് നൽകിയിട്ടുള്ളത്. 10% തുക ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനു പകരം മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.

2. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 31-03-22 വരെയുള്ള കാലയളവിൽ 691 പേരുടെ ഗുണഭോക്തൃ വിഹിതമായ 124380 രൂപ പിരിച്ച് തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ബാക്കി 9 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ രേഖകൾ ഇല്ല.
3. 126000 രൂപ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് പകരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചത് ക്രമപ്രകാരമല്ല.

4. 700 ബയോബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.10/20-03-23 ന് മറുപടി ലഭ്യമായില്ല.
9 പേരുടെ ഗുണഭോക്തൃവിഹിതം ഇനത്തിൽ പഞ്ചായത്ത് ചെലവഴിച്ച 1620 രൂപ (9x180) ഓഡിറ്റിൽ നിരാകരിക്കുന്നു. മതിയായ രേഖകളും വിശദീകരണവും ലഭ്യമാക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം ചെലവഴിച്ച 126000 രൂപ തിരിച്ചടവാക്കി വിവരം അറിയിക്കുകയും ചെയ്യുന്നതുവരെ നിരാകരിച്ച തുക ഒഴികെയുള്ള 1258380 രൂപ (1260000-1620) ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തിയതി | തീയതി |
|---|---|---|
| 2021-22 | 16.3.2023 മുതൽ 24-3-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൃത്താല ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 509334 | ലൈഫ് | 0 | 509334 |
| | 2021-22 | 295283 | ഉഴവുകൂലി | 295283 | 0 |
| | | 700000 | ലൈഫ് SCP | 700000 | 0 |
| | | 100000 | സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2019-20 | 219812 | നെൽകൃഷിക്ക് കൂലിച്ചെലവ് | 0 | 219812 |
| | 2021-22 | 697500 | ഉഴവു കൂലി | 697500 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB, പടിഞ്ഞാറങ്ങാടി | 4/22- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1) 3681262/1-1-22 – 24606 രൂപ 2) 1210050/ 31-1-22 – 38476 രൂപ 1210052/18-2-22 – 24599 (തനത് ഫണ്ട്) | 87681 | 0 (യു.സി ലഭ്യമായി) |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 6000754 | 0 | 6000754 | 1026667 | | 4974087 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികൾ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 11046839 |
| ഓഡിറ്റ് വർഷത്തെ വരവ് | 81185876 |
| ആകെ | 92232715 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 71168197 |
| നീക്കിയിരിപ്പ് | 21064518 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1620 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1438380 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 1620 | ശ്രീമതി.സരിത.കെ.പി, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 180000 | ശ്രീമതി.മിനി.ആർ.നായർ, സെക്രട്ടറി |
| 1-24 | 1258380 | ശ്രീമതി.സരിത.കെ.പി, വി.ഇ.ഒ |
| ആകെ | 1438380 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 4829 | ശ്രീമതി.ജിഷ.എം.വി, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മിനി.ആർ.നായർ, സെക്രട്ടറി | സെക്രട്ടറി, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് | വക്കൻ ഹൗസ്, ചെറുകോൽ, കോഴഞ്ചേരി(പി.ഒ) പത്തനംതിട്ട-689650 |
| ശ്രീമതി.ജിഷ.എം.വി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, കപ്പൂർ ഗ്രാമപഞ്ചായത്ത് | ചോലയിൽ മന, തൃത്താല(പി.ഒ), പാലക്കാട്-679534 |
| ശ്രീമതി.സരിത.കെ.പി, വി.ഇ.ഒ | വി.ഇ.ഒ, ആനക്കര ഗ്രാമപഞ്ചായത്ത് | കാരോത്തുപറമ്പിൽ വീട്, കുമരനല്ലൂർ(പി.ഒ), പാലക്കാട്-679552 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേ |
|---|---|---|

| | കത്തിടപാടിന്റെ വിവരം | ഷിക്കുന്ന<br>ഖണ്ഡി<br>കകളുടെ<br>എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00/11-12-00 | |
| 1998-99 | LFP6-18568/00/11-12-00 | 48 |
| 1999-00 | LFP11-28/05/29-08-2005 | |
| 2000-01 | LFP11-733/06/16-10-2006 | |
| 2001-02 | LFP11-734/06/16-10-2006 | |
| 2002-03 | LFP11-1617/08/2-1-2010 | |
| 2003-04 | LFP11-1618/08/2-1-2010 | |
| 2004-05 | LFP11-1619/08/2-1-2010 | 36 |
| 2005-06 | LFP20-1006/11/3011-11 | |
| 2006-07 | LFP20-1007/11/3011-11 | |
| 2007-08 | LFP20-1008/11/30-11-11 | |
| 2008-09 | LFP20-75/13/22-3-13 | |
| 2009-10 | LFP20-75/13/22-3-13 | |
| 2010-11 | LF6-20/75/13/22-3-13 | 26 |
| 2011-12 | LFP20-1276/14/10-10-2014 | |
| 2012-13 | LFP20/882/15/26-08-2015 | 16 |
| 2013-14&<br>2014-15 | KSA-PKD20/1103/2016 /31-07-2016 | 18 |
| 2015-16 | KSA-PKD20/90/2017/12-1-17 | 15 |
| 2016-17 | KSA-PKD20/1815/17 /12.10.17 | 11 |
| 2017-18 | KSA-PKD20/858/2019/17-8-19 | 19 |
| 2018-19 | KSA-PKD20-196/2021<br>Dt.15-3-21 | 21 |
| 2019-20 | KSA-PKD20-1260/2022<br>Dtd 07.07.2022 | 18 |
| 2020-21 | KSA-PKD20-1261/2022<br>Dtd 07.07.2022 | 13 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്ക് - വിവിധ പത്രികകൾ

1.

| *Code* | *Head Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 11,001,408.00 |
| | Cash | RP-40(a) | 45,431.00 |
| Receipts | | | |
| Operating<br>110000000 | Tax Revenue | RP-1 | 946,730.00 |
| 140000000 | Fees & User Charges | RP-4 | 517,023.00 |
| 150000000 | Sale & Hire Charges | RP-5 | 183,011.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50,948,846.00 |
| 171000000 | Interest Earned | RP-9 | 224,512.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10,981,474.00 |
| 340000000 | Deposits Received | RP-34 | 1,000.00 |
| 350000000 | Other Liabilities | RP-36 | 219,556.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 360.00 |
| 340000000 | Deposits Received | RP-34 | 112,682.00 |
| 350000000 | Other Liabilities | RP-36 | 367,850.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16,574,355.00 |
| 460000000 | Loans, Advances and Deposits | RP-47 | 108,477.00 |
| Grand Total 92,232,715.00 | | | |
| Payments | | | |
| Operating<br>210000000 | Establishment Expenses | RP-11 | 4,419,866.00 |
| 220000000 | Administrative Expenses | RP-12 | 861,425.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 1,499,496.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 6,374,103.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 22,764,164.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 831,916.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 93,013.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 90,000.00 |
| 255000000 | Maintenance Projects | RP-20 | 8,387,527.00 |
| 280000000 | Prior Period Item | RP-26 | 31,905.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.00 |
| 340000000 | Deposits Received | RP-34 | 3,000.00 |
| 350000000 | Other Liabilities | RP-36 | 10,119,404.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 5,101.00 |
| 280000000 | Prior Period Item | RP-26 | -2,690.00 |
| 340000000 | Deposits Received | RP-34 | 106,836.00 |
| 350000000 | Other Liabilities | RP-36 | 1,829,088.00 |
| 410000000 | Fixed Assets | RP-38 | 2,357,184.00 |
| 412000000 | Capital Work In Progress | RP-40 | 168,223.00 |
| 430000000 | Stock-in-hand | RP-42 | 0.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9,599,859.00 |
| 460000000 | Loans, Advances and Deposits | RP-47 | 1,628,777.00 |
| Closing Balance | | | |
| | Bank | RP-40(b) | 20,930,601.00 |
| | Cash | RP-40(b) | 133,917.00 |
| Grand Total 92,232,715.00 | | | |

2.

Kappur Grama Panchayat

Income & Expenditure Statement

For the period from 01-April-2021 to 31-March-2022

| *Code* | *Head Of Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 5,679,582.00 |
| 130000000 | Rental Income from Panchayat Properties | I-3 | 148,516.00 |
| 140000000 | Fees & User Charges | I-4(b) | 756,393.00 |
| 150000000 | Sale & Hire Charges | I-5(b) | 183,011.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 147,772,900.00 |
| 170000000 | Income from Investments | I-7 | 48,471.00 |
| 171000000 | Interest Earned | I-8 | 224,512.00 |
| 180000000 | Other Income | I-9 | 127,586.00 |
| A | Total-Income | | 154,940,971.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 12,070,884.00 |
| 220000000 | Administrative Expenses | I-11(b) | 861,425.00 |
| 230000000 | Operations & Maintenance | I-12(b) | 1,499,496.00 |
| 240000000 | Interest & Finance Charges | I-13 | 4,439.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 6,374,103.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 47,203,839.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 978,957.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 93,013.00 |

| | | | |
|---|---|---|---|
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 67,935,700.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 8,387,527.00 |
| 272000000 | Depreciation | I-17(a) | 8,632,198.00 |
| B | Total-Expenditure | | 154,041,581.00 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | 899,390.00 |
| D= 280000000 | Prior Period Item | I-18 | (2,244,570.00) |
| E = C-D 290000000 | *Gross Surplus/Deficit of Income over Expenditure after prior period items* | | 3,143,960.00 |
| Transfer to Reserve Funds | | | |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* | | 3,143,960.00 |

3.

Kappur Grama Panchayat

BALANCE SHEET

As on 31-March-2022

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | LIABILITIES<br>Reserve& Surplus<br>Muncipal (General) Fund [Code No 310] | B-1 | 25631280.30 |
| 311000000 | Earmarked Funds | B-2 | 9322.00 |
| 312000000 | Reserves | B-3 | 50034204.00 |
| | *Total Reserve& Surplus* | | 75674806.30 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 7980371.00 |
| | *Total Grants,Contributions for specific purposes* | | 7980371.00 |

| | | | |
|---|---|---|---|
| 330000000 | Loans<br>Secured Loans | B-5 | 4974087.00 |
| | *Total Loans* | | 4974087.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 611383.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 2363402.70 |
| | *Total Current Liabilities and Provisions* | | 2974785.70 |
| 432000000 | TOTAL<br>LIABILITIES<br>ASSETS<br>Current Liabilities and Provisions<br>Accumulated Provisions Against Debtors (Receivables) | B-15(a) | 91604050.00<br>(205155.00) |
| | *Total Current Liabilities and Provisions* | | (205155.00) |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 82735047.00 |
| 411000000 | Accumulated Depreciation | B-11 | (29478113.00) |
| 412000000 | Capital Work In Progress | B-11(a) | 118223.00 |
| | *Total Fixed Assets* | | 53375157.00 |
| 420000000 | Investments<br>Investments | B-12 | 766560.00 |
| | *Total Investments* | | 76656Schedule<br>0.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 9653554.00 |
| 440000000 | Pre-paid Expenses | B-16 | 4974087.00 |
| 450000000 | Cash and Bank balance | B-17 | 21064518.00 |
| 460000000 | Loans, Advances and Deposits | B-18 | 1975329.00 |
| | *Total Current Assets,Loans and Advances* | | 37667488.00 |
| | TOTAL ASSETS | | 91604050.00 |

ഡെപ്യൂട്ടി ഡയറക്ടർ